## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.67** **08.01.2014-ൽ മറുപടിക്ക്**

### വൻകിട ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. വിവിധ വൻകിട ശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | എ. വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ ജിക്ക ധനസഹായത്തോടെ 5 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തതിൽ, ചേർത്തല പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്തു. ബാക്കിയുള്ള നാല് പദ്ധതികളായ തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നിവയുടെ പ്രവർത്തികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ഇതിൽ തിരുവനന്തപുരം, മീനാട്, എന്നീ പദ്ധതികളിൽ ഭാഗീകമായി ജല വിതരണം നടത്തിവരുന്നു. മേൽപ്പറഞ്ഞ നാല് പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ വേണ്ടി വിവിധ തലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമെ കേന്ദ്ര സഹായത്തോടെയുള്ള |

പദ്ധതികളും, നബാർഡിന്റെ ധന സഹായത്തോടെ നടപ്പാക്കുന്ന 27 പദ്ധതികളും സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഏറ്റെടുത്ത 4 വൻകിട പദ്ധതികളും മാന്ദ്യവിരുദ്ധ പാക്കേജുകളിൽ ഏറ്റെടുത്ത 12 പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി. | ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | ബി | കേന്ദ്ര- സംസ്ഥാന സർക്കാരുകൾ, നബാർഡ്, ജൈക്ക, ജെ.എൻ.എൻ.യു.ആർ.എം(JNNURM), യു.ഐ.ഡി.എസ്.എസ്.എം.ടി (UIDSSMT) എന്നിവയാണ് വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹകരിക്കുന്നത്. |
| സി. | വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾ പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | സി. | കുടിവെള്ള സ്രോതസ്സുകളിലെ ജല ലഭ്യത വേനൽക്കാലങ്ങളിൽ പല സ്ഥലങ്ങളിലും കുറയുന്നുണ്ട്. അങ്ങനെയുള്ള സ്രോതസ്സുകളിൽ താത്ക്കാലിക/സ്ഥിര തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്. ഇതു മൂലം ഒരു പരിധി വരെ കുടിവെള്ള ലഭ്യത സാധ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ